സമയത്ത് രൂപപ്പെട്ട തിട്ടകൾ/ചെറുദ്വീപുകൾ നദികളുടെ സുഗമമായ നീരൊഴുക്കിനെ ബാധിക്കുന്നുണ്ട്. ജില്ലാഭരണകൂടത്തിന്റെ കൂടി സഹായത്തോടെ ഇവ നീക്കം ചെയ്ത് നദിയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ഏറ്റെടുത്തിട്ടുണ്ട്. പ്രളയത്തെത്തുടർന്ന് സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ട് ഗതിമാറിയൊഴുകിയ പ്രധാന നദികളുടെ/നദീഭാഗങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

ജല മലിനീകരണം

156 (3862) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലമലിനീകരണം സംസ്ഥാനത്തെ പുഴകളെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്നുള്ളതിന്റെ പഠനം സർക്കാർ തലത്തിൽ നടന്നിട്ടുണ്ടോ; ഇതിന്റെ വിശദവിവരം നൽകാമോ?

കേരളത്തിലെ പുഴകൾ വിവിധ തരത്തിലുള്ള മാലിന്യപ്രശ്നം നേരിടുന്നുണ്ട്. പുഴകളിലെ ജലഗുണനിലവാരം സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തുടർച്ചയായ മോണിറ്ററിംഗ് നടത്തി വരുന്നു. കൂടാതെ, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിനുകീഴിലുള്ള സ്ഥാപനമായ "സെൻറർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ് (CWRDM) കോഴിക്കോട്, പുഴകളിലെ ജലഗുണനിലവാര പരിശോധന നടത്തുകയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയതലത്തിൽ നടത്തുന്ന നദീജല ഗുണനിലവാര പരിശോധനയുടെ ഭാഗമായി നടത്തിയ പഠനമനുസരിച്ച് കേരളത്തിലെ 21 നദീഭാഗങ്ങളിലെ ജലഗുണനിലവാരം താഴ്ന്ന നിലയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജല മലിനീകരണം പുഴകളെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്നതിന്റെ പഠനം എന്ന നിലയ്ക്ക് കേരളത്തിലെ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നീ നദികളുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ തയ്യാറാക്കി വരുന്നു.

(ബി) പുഴകളുടെ തീരങ്ങളിൽ മഴക്കാലത്ത് അടിഞ്ഞുകൂടുന്ന മണൽ മാറ്റുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മഴക്കാലത്ത് പുഴയുടെ തീരങ്ങളിലും പുഴയിലും അടിഞ്ഞുകൂടുന്ന മണൽ മാറ്റുന്നതിന് വിവിധ വകുപ്പുകൾ നടപടി സ്വീകരിക്കാറുണ്ട്. നദീഭാഗം വനമേഖലയ്ക്കകത്താണ് വരുന്നതെങ്കിൽ വനം-വന്യജീവി വകുപ്പാണ് നടപടി സ്വീകരിച്ചുവരുന്നത്. മറ്റ് പ്രദേശങ്ങളിൽ റവന്യൂ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് മണൽ നീക്കുന്നതിനുള്ള നടപടികൾ പൊതുവിൽ സ്വീകരിച്ചുവരുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി, ബഹുമാനപ്പെട്ട ഹരിത ട്രിബ്യൂണൽ തുടങ്ങിയവയുടെ വിധികളുടെ/ ഉത്തരവുകളുടേയും കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുള്ള മാർഗ്ഗരേഖകളുടേയും മാനേജ്മെന്റ് പ്ലാനിന്റെയും [(i) Sustainable Sand Mining Management Guidelines 2016, (ii) Enforcement & Monitoring Guidelines for Sand Mining 2020] അടിസ്ഥാനത്തിൽ മണൽ മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

തടയണകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ

157 (3863) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ മീനച്ചിലാറ്റിലെ വിവിധ തടയണകളിൽ ധാരാളം മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ മാലിന്യങ്ങൾ അടിയന്തരമായി നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലാ നിയോജകമണ്ഡലത്തിലെ മീനച്ചിലാറിനു കുറുകെയുള്ള ചെക്ക് ഡാമുകളുടെ ഷട്ടറുകൾ വേനൽക്കാലത്ത് ചെക്ക് ഡാമിൽ ജലം സംഭരിക്കാൻ അടച്ചിടുന്നതുമൂലം മണ്ണ്, എക്കൽ എന്നീ ഖര മാലിന്യങ്ങൾ വന്നടിയാറുണ്ട്. മേയ് മാസം മുതൽ 6 മാസങ്ങളിൽ ഷട്ടർ തുറന്നുവയ്ക്കുമ്പോൾ ശക്തമായ നീരൊഴുക്കിൽ ചെളിയും മാലിന്യങ്ങളും ഒഴുകി പോകാറുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ നവംബർ മാസത്തോടുകൂടി ഷട്ടറുകൾ വീണ്ടും സ്ഥാപിക്കുന്നതിനുമുൻപ് തടസ്സങ്ങളും ചെളിയും നീക്കും. കൂടാതെ 2018, 2019 വർഷങ്ങളിലെ പ്രളയത്തിനുശേഷം വിവിധ ചെക്ക് ഡാമുകളിൽ അടിഞ്ഞു കൂടിയ ചെളിയും മാലിന്യങ്ങളും ജലസേചന വകുപ്പ് വിവിധ പദ്ധതികളിൽപ്പെടുത്തി നീക്കം ചെയ്തിട്ടുണ്ട്. കളരിയാമക്കൽ ചെക്ക് ഡാമിന്റെ മുകൾ വശത്ത് അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മറ്റ് മാലിന്യങ്ങളും നീക്കുന്നതിനും ഷട്ടർ തുറക്കുന്നതിനുമുള്ള പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. പ്രതികൂല കാലാവസ്ഥയും മീനച്ചിലാറ്റിലെ ശക്തമായ നീരൊഴുക്കുംമൂലം പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചില്ല. ഈ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കടപ്പാട്ടൂർ, കൊണ്ടൂർ തടയണകളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മണലും നീക്കം ചെയ്യുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly